**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** — **14-03-2022 - ൽ മറുപടിയ്ക്ക്**

**റെസ്റ്റ് ഹൗസിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **null**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പത്തിൽ താഴെ മുറികളുള്ളതും, വരുമാനം താരതമ്യേന കുറഞ്ഞതുമായ റെസ്റ്റ് ഹൗസുകളിൽ മാനേജർ തസ്തികയും എന്നാൽ പത്തിനു മുകളിൽ മുറികളുള്ളതും നല്ല വരുമാനമുള്ളതുമായ റെസ്റ്റ് ഹൗസുകളിൽ ഇപ്പോഴും കെയർ ടേക്കർ തസ്തികയും തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അങ്കമാലി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ എത്ര മുറികളുണ്ടെന്നും പ്രസ്തുത റെസ്റ്റ് ഹൗസ് ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും റെസ്റ്റ് ഹൗസിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ; | (ബി) | ക്ലാസ്-I കാറ്റഗറിയിൽ ഉൾപ്പെട്ട അങ്കമാലി റസ്റ്റ് ഹൗസിൽ 15 മുറികളാണ് ഉള്ളത്. ആയതിന്റെ ചുമതല കെയർടേക്കർക്കാണ്. |
| (സി) | അങ്കമാലി റെസ്റ്റ് ഹൗസിന്റെ ഓൺലൈൻ ബുക്കിംങ് ആരംഭിച്ചത് മുതൽ നാളിതുവരെയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | അങ്കമാലി റസ്റ്റ് ഹൗസിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചതു മുതൽ 28/02/2022 വരെ 1,33,301/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ഡി) | അങ്കമാലി റെസ്റ്റ് ഹൗസിൽ മനേജർ തസ്തിക അനുവദിക്കുന്നതിനായി വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം 13/08/2021-ലെ 741/എം (ഡബ്ളിയു &റ്റി )21/ വി ഐ പി / ഡബ്ള്യു നമ്പർ കത്ത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | അങ്കമാലി റസ്റ്റ് ഹൗസിൽ മാനേജർ തസ്തിക അനുവദിക്കുന്നതിനുള്ള നിവേദനത്തിന്മേലുള്ള റിപ്പോർട്ട് കോട്ടയം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ തുടർ നടപടി സ്വീകരിക്കുന്നതാണ്. അങ്കമാലി റസ്റ്റ് ഹൗസിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ഇ) | അങ്കമാലി റെസ്റ്റ് ഹൗസിലെ നിലവിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്തുന്നതിനായി പരിഗണനയിലുള്ള ഫയലിലെ നടപടികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | അങ്കമാലി റസ്റ്റ് ഹൗസിൽ മാനേജർ തസ്തിക അനുവദിക്കുന്നതിനുള്ള നിവേദനത്തിന്മേലുള്ള റിപ്പോർട്ട് കോട്ടയം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണ വിഭാഗം ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ തുടർ നടപടി സ്വീകരിക്കുന്നതാണ്. അങ്കമാലി റസ്റ്റ് ഹൗസിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പത്തിന് മുകളിൽ മുറികളുള്ളതും നല്ല വരുമാനമുള്ളതുമായ റസ്റ്റ് ഹൗസുകളിൽ
കെയർ ടേക്കർ തസ്തിക നിലവില്ലുള്ളത്

**അനുബന്ധം**

| റെസ്റ്റ് ഹൗസ് | മാനേജർ | മുറികളുടെ എണ്ണം |
|---|---|---|
| തൈക്കാട് | ഇല്ല | 25 |
| കുറ്റാലം | ഇല്ല | 39 |
| പുനലൂർ | ഇല്ല | 14 |
| ആറന്മുള | ഇല്ല | 11 |
| തിരുവല്ല | ഇല്ല | 11 |
| ചെങ്ങന്നൂർ | ഇല്ല | 15 |
| കായംകുളം | ഇല്ല | 10 |
| ചങ്ങനാശ്ശേരി | ഇല്ല | 14 |
| വൈക്കം | ഇല്ല | 15 |
| മൂന്നാർ | ഇല്ല | 14 |
| അങ്കമാലി | ഇല്ല | 16 |
| നോർത്ത് പറവൂർ | ഇല്ല | 20 |
| പട്ടിമറ്റം | ഇല്ല | 10 |
| ചാലക്കുടി | ഇല്ല | 35 |
| പാലക്കാട് | ഇല്ല | 22 |
| തിരൂർ | ഇല്ല | 17 |
| നിലമ്പൂർ | ഇല്ല | 10 |
| തലശ്ശേരി | ഇല്ല | 15 |
| പയ്യന്നൂർ | ഇല്ല | 11 |
| കണ്ണൂർ | ഇല്ല | 14 |
| കാസർഗോഡ് | ഇല്ല | 14 |
| മഞ്ചേശ്വരം | ഇല്ല | 11 |

II) പത്തിൽ താഴെ മുറികളുള്ളതും വരുമാനം താരതമ്യേന കുറഞ്ഞതുമായ
റസ്റ്റ് ഹൗസുകളിൽ മാനേജർ തസ്തിക നിലവില്ലുള്ളത്

| റസ്റ്റ് ഹൗസ് | മാനേജർ | മുറികളുടെ എണ്ണം |
|---|---|---|
| പാലാ | ഉണ്ട് | 4 |
| കളമശ്ശേരി പത്തടിപ്പാലം | ഉണ്ട് | 8 |
| ഞാറയ്ക്കൽ | ഉണ്ട് | 4 |